(ബി) ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുവാൻ സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥി പഠനകാലാവധിക്കിടയിൽ മരണപ്പെടുന്ന സാഹചര്യങ്ങളിൽ വായ്പയെഴുതിത്തള്ളുന്നതിനുള്ള നിർദ്ദേശങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ , എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പാപദ്ധതി സുതാര്യമാക്കുന്നതിനായി ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ വായ്പാ അനുവദിക്കണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ വായ്പകൾ സംബന്ധിച്ച പരാതികൾ തീർപ്പുകൽപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും കളക്ടർ ചെയർമാനായുള്ള സമിതി നിലവിലുണ്ട്. ലീഡ് ബാങ്ക് മാനേജർ ഇതിന്റെ കൺവീനറും, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, മുഖ്യ ബാങ്കുകളിൽ നിന്നുള്ള പ്രതിനിധികൾ ഇതിലെ അംഗങ്ങളുമാണ്. ഈ സമിതി ആവശ്യമുള്ളപ്പോൾ യോഗം ചേരുകയും പരാതികൾ തീർപ്പുകൽപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ, പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ബാങ്ക് മുഖാന്തിരം പരിഹരിച്ചു നൽകാറുണ്ട്.

(സി) വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥി പഠന കാലാവധിക്കിടയിൽ മരണപ്പെട്ടാൽ വായ്പ എഴുതിതള്ളാനുള്ള ഒരു പദ്ധതിയും നിലവിലില്ല. എന്നാൽ, അത്തരം കേസ്സുകളിൽ മാനുഷിക പരിഗണന നൽകി അതാതു ബാങ്കിന്റെ നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് ഓരോ പരാതിയും അനുഭാവപൂർവ്വം പരിഗണിച്ച് വിദ്യാഭ്യാസ വായ്പ പൂർണ്ണമായും ഒഴിവാക്കുകയോ പലിശയിൽ ഇളവു നൽകുകയോ ചെയ്യണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതി ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾ

33 (6179) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളികളായ എത്ര വിദ്യാർത്ഥികൾ മരണപ്പെട്ടിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന മലയാളികളായ കുട്ടികൾക്കെതിരെയുള്ള പീഡനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതു തടയുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 7 വിദ്യാർത്ഥികൾ മരണപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

മരണപ്പെട്ട വിദ്യാർത്ഥികളുടെ പേര്	മരണപ്പെട്ട സ്ഥലം
റിന്റു കോശി (ആലപ്പുഴ)	ബാംഗ്ലൂർ
കുഞ്ഞുണ്ണി @ പ്രിൻസ് സ്റ്റെൽറ്റ് (ആലപ്പുഴ)	ബാംഗ്ലൂർ
അഹമ്മദ് ഇബ്രാഹിം (ചാലക്കുടി)	ബാംഗ്ലൂർ
അമൽ ഗോപി (പെരുവന്താനം, ഇടുക്കി)	തിരുപ്പൂർ
ദിലീപ് ശങ്കർ (ഇരിങ്ങാലക്കുട)	നാഗ്പൂർ
ദീപക് (തളിപ്പറമ്പ്)	സേലം
നാലകത്ത് അജ്മൽ (കാപ്പാട്, കണ്ണൂർ)	ബാംഗ്ലൂർ

(ബി) അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കെതിരെ അക്രമം നടന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി ബന്ധപ്പെട്ട സർക്കാരുമായും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് അടിയന്തര സഹായം ലഭ്യമാക്കാറുണ്ട്. മാത്രമല്ല, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട മുൻകരുതലിനായി സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാറുമുണ്ട്.

പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ്

34 (6180) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുമ്പുണ്ടായിരുന്ന മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, സ്പീക്കർ, ഗവൺമെന്റ് ചീഫ് വിപ്പ്, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തിരുന്നവർക്ക് ഐഡന്റിറ്റി കാർഡ് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(സി) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി പോകേണ്ടുന്ന അവസരങ്ങളിൽ പ്രസ്തുത ഐഡന്റിറ്റി കാർഡ് ഉള്ളവർക്ക് മുൻഗണന ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഐഡന്റിറ്റി കാർഡ് അനുവദിക്കണമെന്നാശ്യപ്പെട്ട് സർക്കാരിന് ഏതെങ്കിലും അപേക്ഷ ലഭിച്ചുവോ ; എങ്കിൽ അത് ആരുടേതെന്നും എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly